Bc 5897/19



# വകുപ്പുതല കണക്കുപരിശോധനാ റിപ്പോർട്ട്

## *ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്,*

## *കാഞ്ഞങ്ങാട് ബ്ലോക്ക്, കാസറഗോഡ്*

| | |
|---|---|
| പരിശോധനാ തീയതി | : 14.01.2019 മുതൽ 18.01.2019 വരെ |
| പരിശോധനാ കാലയളവ് | : 01.04.2015 മുതൽ 31.03.2018 വരെ |
| പരിശോധനാ വിഭാഗം | : ഫിനാൻസ്.ഇ ആഡിറ്റ് സെക്ഷൻ |
| പരിശോധനാടീമിൽ പങ്കെടുത്തവർ | : 1.കെ.കെ,പ്രസാദ് (സീനിയർ സൂപ്രണ്ട്) |
| | 2. ധനേഷ്.ടി.എസ് (സീനിയർ ക്ളാർക്ക്) |

**പരിശോധനാ കാലയളവിൽ ജോലിനോക്കിയിരുന്ന ഉദ്യോഗസ്ഥർ**

പട്ടികജാതി വികസന ഓഫീസർമാർ

| | |
|---|---|
| 1. ശ്രീ.കെ.ദയാനന്ദ. | : 01-04-2015 മുതൽ 12.08.2015 വരെ |
| 2. ശ്രീ.വി.പവിത്രൻ(ic) | : 13-08-2015 മുതൽ 23-08-2015 വരെ |
| 3. ശ്രീ.കെ.ദയാനന്ദ. | : 24-08-2015 മുതൽ 13-07-2016 വരെ |
| 4. ശ്രീ.ശ്രീജിത് ബാബു | : 14-07-2016 മുതൽ 29-07-2016 വരെ |
| 5. ശ്രീ.വി.പവിത്രൻ | : 30-07-2016 മുതൽ 12-01-2018 വരെ |
| 6. ശ്രീ.കെ.ദയാനന്ദ. (ic) | : 15-01-2018 മുതൽ 26.01.2018 വരെ |
| 7. ശ്രീമതി.മിനി. | : 27-01-2018 മുതൽ തുടരുന്നു. |

**ആമുഖം.**

കാസറഗോഡ് ജില്ലയിലെ ഏക ഗ്രേഡ്.I പട്ടികജാതി വികസന ഓഫീസാണ് കാഞ്ഞങ്ങാട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്. കാഞ്ഞങ്ങാട് ~~നഗരസഭ~~ (പദ്ധതിനിർവ്വഹണം-എസ്,സി,എസ്,പി), നഗരസഭാ പരിധിൽ പ്രവർത്തിക്കുന്ന ചെമ്മട്ടംവയൽ പ്രീ-മെട്രിക് ഹോസ്റ്റൽ (പെൺകുട്ടികൾ), ബ്ലോക്ക് പരിധിൽ

പ്രവർത്തിക്കുന്ന ബങ്കള പ്രീ-മെട്രിക് ഹോസ്റ്റൽ (ആൺകുട്ടികൾ), എന്നീ സ്ഥാപനങ്ങൾ കാഞ്ഞങ്ങാട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറുടെ നിയന്ത്രണത്തിലുണ്ട്.

കാഞ്ഞങ്ങാട് നഗരസഭയിലെ 43 വാർഡുകളിലായി 481 ഓളം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്നു. ഇതിൽ 246 കുടുംബങ്ങൾ സങ്കേതങ്ങളിലും, 235 കുടുംബങ്ങൾ പൊതുവിഭാഗങ്ങളോട് ഇടകലർന്നും താമസിക്കുന്നു. 13 ഓളം പട്ടികജാതി വിഭാഗങ്ങൾ അധിവസിക്കുന്നതിൽ പുലയൻ, ചക്ലിയൻ, വണ്ണാൻ, മലയൻ എന്നീവിഭാഗങ്ങൾ അധികമായി കണ്ടുവരുന്നു. നിലവിൽ ഏകദേശം 64 ഓളം ഭൂരഹിത കുടുംബങ്ങളും 62 ഓളം ഭവന രഹിതകുടുംബങ്ങളും ഉള്ളതായി 2017-18 ലെ സ്റ്റാറ്റസ് റിപ്പോർട്ടിൽ വ്യക്തമാക്കിയിരിക്കുന്നു. എസ്.എസ്.എൽ.സിയും അതിനുമുകളിലും (ഡിഗ്രി, പി.ജി ഉൾപ്പെടെ) വിദ്യാഭ്യാസയോഗ്യതയുള്ള 390ഓളം പേർ തൊഴിൽ രഹിതരായുണ്ട്.

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ 5 ഗ്രാമപഞ്ചായത്തുകളാണുള്ളത്. ഈ 5 ഗ്രാമപഞ്ചായത്തുകളിലായി 918 ഓളം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്നു. ഇതിൽ 592 കുടുംബങ്ങൾ സങ്കേതങ്ങളിലും, 326 കുടുംബങ്ങൾ പൊതുവിഭാഗങ്ങളോട് ഇടകലർന്നും താമസിക്കുന്നു. ബ്ലോക്ക് പരിധിയിലെ പട്ടികജാതി വിഭാഗക്കാരുടെ ആകെ ജനസംഖ്യ 4662 ആണ്. ഇതിൽ 2,406 സ്ത്രീകളും 2,256 പുരുഷൻമാരും ഉൾപ്പെടുന്നു. 12 ഓളം പട്ടികജാതി വിഭാഗങ്ങൾ അധിവസിക്കുന്നതിൽ പുലയൻ, ചക്ലിയൻ, വണ്ണാൻ, മലയൻ എന്നീവിഭാഗങ്ങൾ അധികമായി കണ്ടുവരുന്നു. നിലവിൽ ഏകദേശം 25 ഓളം ഭൂരഹിതകുടുംബങ്ങളും 35 ഓളം ഭവന രഹിതകുടുംബങ്ങളും ഉള്ളതായി 2017-18 ലെ സ്റ്റാറ്റസ് റിപ്പോർട്ടിൽ വ്യക്തമാക്കിയിരിക്കുന്നു. എസ്.എസ്.എൽ.സി യും അതിനു മുകളിലും (ഡിഗ്രി, പി.ജി ഉൾപ്പെടെ) വിദ്യാഭ്യാസയോഗ്യതയുള്ള 304ഓളം പേർ തൊഴിൽ രഹിതരായുണ്ട്.

പട്ടികജാതി സങ്കേതങ്ങളിൽ സാധാരണ കണ്ടുവരാറുള്ള എല്ലാവിധ അടിസ്ഥാന പ്രശ്നങ്ങളും ഇവിടേയും നിലനിൽക്കുന്നുണ്ട്. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥക്ക് മാറ്റം കണ്ടുതുടങ്ങിയിട്ടുണ്ടെങ്കിലും ഉന്നതവിദ്യാഭ്യാസം നേടുന്നവരുടേയും പ്രൊഫഷണൽ കോഴ്സിന് പ്രവേശനം നേടുന്നവരുടേയും എണ്ണം ഇതരവിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നാമമാത്രമാണെന്ന് കാണാം. കമ്പ്യൂട്ടർസാക്ഷരതയുടെ കുറവ്, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നേടുന്നതിൽ കാണിക്കുന്ന താൽപര്യക്കുറവ്, പരമ്പരാഗതതൊഴിലുകൾ സംരക്ഷിക്കപ്പെടാതെ അന്യം നിന്നുപോകുന്ന അവസ്ഥ എന്നിവ പിന്നോക്കാവസ്ഥക്ക് പ്രധാനകാരണങ്ങളാണ്. ഉപജീവനത്തിന് കൂലിവേലയെ

മുഖ്യമായിആശ്രയിക്കുന്നവരാണ് ഭൂരിഭാഗമാളുകളും. ഈഅവസ്ഥക്ക് മാറ്റമുണ്ടാകണ മെങ്കിൽ പട്ടികജാതി വിഭാഗങ്ങളുടെ ജീവിത നിലവാരം വരുമാന വർദ്ധനവിലൂടെ ഉയർത്തുന്നതിനുതകുന്ന സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, വിദ്യാഭ്യാസ നിലവാരം ഉയർത്തുന്ന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്ന പദ്ധതികൾ ആരംഭിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എസ്.സി.പി.ഫണ്ട് കൂടുതൽ വിനിയോഗിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉപദേശവും പ്രേരണയും നൽകാൻ നിർദ്ദേശി ക്കുന്നു.

ഫീൽഡ്തല പരിശോധന

ഓഡിറ്റിനോടനുബന്ധിച്ച് നടത്തിയ ഫീൽഡ്തല പരിശോധന വിവിധ വർഷങ്ങളിൽ ധനസഹായം അനുവദിച്ച ഗുണഭോക്താക്കളെ സന്ദർശിച്ചത് സംബന്ധിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

എ. ഭൂരഹിത പുനരധിവാസം.

വിവിധ വർഷങ്ങളിൽ ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ച ചുവടെ പറയുന്ന ഗുണഭോക്താക്കൾ വാങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചു.

1. ശ്രീമതി.ശോഭ.ടി.ആർ, രാധാനിവാസ്, നാലാംവാതുക്കൽ, സാര.പി.ഒ-2015-16
2. ശ്രീ.പ്രവീൺ.എൻ, നെല്ലിയടുക്ക, പനയാൽ.പി.ഒ-2015-16
3. ശ്രീമതി.നയന.കെ.വി, കാരക്കുണ്ട് കോളനി, രാവണേശ്വരം-2015-16
4. ശ്രീ.ഉണ്ണികൃഷ്ണൻ.കെ.വി, പള്ളത്തിങ്കൽ ഹൗസ്, പാക്കം.പി.ഒ-2016-17
5. ശ്രീമതി.സുശീല.ബി, അഹമ്മദ്മൻസിൽ ക്വാട്ടേർസ്, ബേക്കൽഫോർട്ട്-2016-17
6. ശ്രീ.മുകേഷ്.കെ, കുനിയനവോദയനഗർ, വെരിയ-2017-18
7. ശ്രീമതി.ചിത്ര.വി.പി, ഖലിദിയ ക്വാട്ടേർസ്, പടന്നക്കാട്-2017-18

വീട് നിർമ്മിക്കാൻ പര്യാപ്തമായ നല്ലസ്ഥലമാണ് ഇവർ വാങ്ങിയിട്ടുള്ളതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

ബി. ഭവനിർമ്മാണധസഹായം

വിവിധ വർഷങ്ങളിൽ ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ച ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ ഭവനങ്ങൾ സന്ദർശിച്ചു.

1. കെ.ചന്ദ്രജിത്, കാർത്തിക ഹൗസ്, ഉപ്പിലിക്കൈ, നീലേശ്വരം-2015-16

2. കുഞ്ഞിരാമൻ.കെ.വി, തലയത്ത്ഹൗസ്, പാളക്കടവ്, മടിക്കൈ-2015-16

3. ശ്രീമതി.ശോഭ.ടി.ആർ, രാധാനിവാസ്, നാലാംവാതുക്കൽ, ബാര.പി.ഒ-2016-17

4. ശ്രീമതി.ശ്രീദേവി, പെർക്കാപ്പുറം ഹൗസ്, ബേക്കൽഫോർട്ട്-2016-17

5. ശ്രീമതി.നളിനി.എസ്, രാധാനിവാസ്, നാലാംവാതുക്കൽ,ബാര.പി.ഒ-2017-18

6. ശ്രീ.കിഷോർ.വി, കണ്ടോളംപാറ ഹൗസ്, ബാര.പി.ഒ

ഈ 6 ഗുണഭോക്താക്കളും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മാനദണ്ഡങ്ങൾക്ക് വിധേയമായാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു.

സി. <u>ഭവന പുനരുദ്ധാരണം.</u>

2015-16 വർഷം ധനസഹായം അനുവദിച്ച ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ ഭവനങ്ങൾ സന്ദർശിച്ചു.

1. ശ്രീ.രാമചന്ദ്രൻ, അത്തിക്കൊത്ത് ഹൗസ്, ഏ.സി.നഗർ, ബല്ല.പി.ഒ

2. ശ്രീമതി.കമല.ടി, ആവിക്കര പട്ടികജാതി കോളനി, കാഞ്ഞങ്ങാട്

3. ശ്രീ.ലക്ഷ്മണൻ.പി.വി, പൈനിപ്പളപ്പ്, അതിയാമ്പൂർ, കാഞ്ഞങ്ങാട്.

മാനദണ്ഡങ്ങൾക്ക് വിധേയമായി എസ്റ്റിമേറ്റ് അനുസരിച്ച് ആണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു.

2017-18 സാമ്പത്തിക വർഷം പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകിയ ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ ഭവനങ്ങൾ സന്ദർശിച്ചു.

1. അശ്വിൻ.പി s/o ആശ.പി, വൈനി ഹൗസ്, കുശാൻനഗർ

2. അദ്വൈദ് s/o ബിജുകുമാർ, തടത്തിൽഹൗസ്, ഹരിപുരം

3. റീനു.കെ.ആർ d/o പുഷ്പ, ഞെക്ലി ഹൗസ്, മയിലാടി

മാനദണ്ഡങ്ങൾക്ക് വിധേയമായി എസ്റ്റിമേറ്റ് അനുസരിച്ച് ആണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു.

മുൻ ഓഡിറ്റ് സംബന്ധിച്ച്.

(എ) അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന .

30-03-2017 വരെയുള്ള കാലയളവ് അക്കൗണ്ടന്റ് ജനറൽ പരിശോധനാ വിധേയമാക്കിയിട്ടുണ്ട്. ഇതിൻമേലുള്ള റിപ്പോർട്ട് 09-05-2017 ന് പട്ടികജാതി വികസന ഓഫീസർക്ക് ലഭ്യമാക്കുകയും അതിന്റെ വെളിച്ചത്തിൽ 14-03-2018 ന് 223/17 കത്ത് പ്രകാരം മറുപടി നൽകിയിട്ടുള്ളതായും കാണുന്നു. ഈ മറുപടിയുടെ വെളിച്ചത്തിൽ

1. Part II B Para I-Scheme for House to Houseless-in effective implementation,
2. Part II B para II-Financial assistance to Vulnarable group for construction of Houses – ഇവയൊഴിച്ചുള്ള ഖണ്ഡികകൾ തീർപ്പാക്കിയിട്ടുള്ളതായി കാണുന്നു.

മുൻ ഓഡിറ്റുകളിൽ അവശേഷിക്കുന്ന ഖണ്ഡികകൾ

1. OA(HQ)IV/II/12-09/14-15 Part II B Para I,
2. OA(HQ)IV/II/12-255/15-16 Part II B Para I,IV,VI,VII&VIII.

തീർപ്പാക്കാനുള്ള ഖണ്ഡികകൾക്ക് അന്തിമ മറുപടി നൽകി വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

(ബി).വകുപ്പ്തല പരിശോധന.

31-03-2015 വരെയുള്ള കാലയളവ് ആഭ്യന്തര പരിശോധനാ വിഭാഗം ഫിൻ-ഇ, പരിശോധിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ടിന് മേൽ നൽകിയ മറുപടി (എസ്.2.3469/16 തീയതി.12-07-2016) ചുവടെ പറയുന്നവ ഒഴികെ-അംഗീകരിച്ചിട്ടുള്ള തായി കാണുന്നു. (ഫിൻ.ബി.2.9916/16 തീയതി 23-05-2016). ശേഷിക്കുന്ന ഖണ്ഡികകൾ

1. ചെലാൻഫയൽ-വർഷാന്ത്യക്യാഷിന്റെ വിവരം സംബന്ധിച്ച മറുപടി.
2. ഭവനനിർമ്മാണ ധനസഹായം 2007-08 മുതൽ 2014-15 വർഷംവരെ തീർപ്പാക്കാനുണ്ടായിരുന്ന വീടുകൾ സംബന്ധിച്ച മറുപടി. ഇതിൽ ഭവന നിർമ്മാണ ധനസഹായം സംബന്ധിച്ച് 2007-08 മുതൽ 2017-18 വരെയുള്ള കാര്യങ്ങൾ ഈ ഓഡിറ്റ് പരിശോധനാവിധേയമാക്കിയ സാഹചര്യത്തിൽ മുൻ ഓഡിറ്റിൽനിന്നും ഈ ഖണ്ഡിക ഒഴിവാക്കാവുന്നതാണ്.

അവശേഷിക്കുന്ന ഖണ്ഡികയ്ക്ക് അന്തിമമറുപടിനൽകി വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

**പാർട്ട് II**

**ക്യാഷ്ബുക്കും അനുബന്ധ രേഖകളും**

1.ബിൽബുക്ക് & ക്യാഷ്ബുക്ക്.

കാഞ്ഞങ്ങാട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ നിലവിൽ ഉപയോഗിച്ച് വരുന്ന ക്യാഷ്ബുക്ക് പരിശോധിച്ചതിൽ 10/1/19 വരെ ക്യാഷ്ബുക്ക് എഴുതിയതായും CLOSING BALANCE NIL ആണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്

2015-16 വർഷം ബില്ലുകൾ കൈകാര്യം ചെയ്തത് 2 ബിൽബുക്ക് (vol no- 1, vol no- 2) കളിലാണ്. vol no- 1 ബിൽബുക്കിലെ സീരിയൽ നമ്പർ 154 വരെ ക്രമമായി ബിൽ എഴുതി അവസാനിക്കുകയും തുടർന്ന് ആരംഭിച്ച vol no- 2 ബിൽ ബുക്കിൽ സീരിയൽ നം 1 മുതലാണ് ബിൽ ചേർത്തിരിക്കുന്നത് vol no- 1 ൽ അവസാനിക്കുന്ന സീരിയൽ നമ്പറിന്റെ തുടർച്ചയായി vol no-2 ൽ എഴുതേണ്ടതാണ്. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

6/7/15 മുതൽ 7/1/16 വരെ ഉപയോഗിച്ച് വന്നിരുന്ന ക്യാഷ്ബുക്കിൽ പേജ് നമ്പർ 86 ലും 87 ലും സ്വയംതൊഴിൽ പദ്ധതി പ്രകാരം അനുവദിച്ച സബ്സിഡിയ്ക്കുളള 95000/-, 66666/- രൂപയുടെ രസീതുകൾ സ്റ്റാപ്ലർ പിൻ ഉപയോഗിച്ച് ബന്ധിച്ചിരിക്കുന്നു ഇത്തരം തെറ്റായ നടപടികൾ ഒഴിവാക്കേണ്ടതും. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

8/1/16 മുതൽ 16/6/16 വരെ ഉപയോഗിച്ച് വന്നിരുന്ന ക്യാഷ്ബുക്കിലെ പേജ് നമ്പർ 43 ൽ ബംഗളം പ്രീമെട്രിക് ഹോസ്റ്റലിൽ ഗ്യാസ് റിപ്പയർ ചെയ്ത വകയിൽ ചെലവഴിച്ച 1,895/- രൂപയുടെ രസീത് സ്റ്റാപ്ലർ പിൻ ഉപയോഗിച്ച് ബന്ധിച്ചിരിക്കുന്നു ഇത്തരം തെറ്റായ നടപടികൾ ഒഴിവാക്കേണ്ടതും. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വകുപ്പ്തലത്തിലുള്ള പദ്ധതികൾക്കു പുറമെ ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതികൾകൂടി ഉൾപ്പെടുത്തിയാണ് ഈ ഓഫീസിൽ ക്യാഷ്ബുക്ക് എഴുതിയിരിക്കുന്നത് ആയത് ഉദാഹരണം ചുവടെ ചേർക്കുന്നു. ആയത്പ്രത്യേകം ക്യാഷ്ബുക്കിൽ എഴുതി സുക്ഷിക്കേണ്ടതാണ്.

| ബിൽ നം | ബിൽ തുക | ക്യാഷ്ബുക്കിൽ എഴുതിയ തീയതി |
|---|---|---|
| 11/PMHG/15-16 | 28280/- | 14/12/2015 |
| 12/PMHG/15-16 | 28400/- | 14/12/2015 |
| 6/LSGDM/15-16 | 60000/- | 11/02/2016 |
| 7/LSGDM/15-16 | 50000/- | 11/02/2016 |
| 8/LSGDM/15-16 | 150000/- | 11/02/2016 |
| 13/PMHG/15-16 | 17600/- | 19/ 02/2015 |
| 1/BPF/16-17 | 24590/- | 16/12/2016 |

16/3/2016 ൽ സ്വയംതൊഴിൽ പദ്ധതിയുടെ സബ്സിഡി ഇനത്തിൽ കാസർഗോഡ് ജില്ലാ പട്ടികജാതി വികസന ആഫീസിൽ നിന്നും കൈപ്പറ്റിയ 71,933/-രൂപയുടെ ചെക്ക് 15/9/17 വരെ ഓഫീസിൽ സൂക്ഷിക്കുകയും ആയത് ജില്ലാ പട്ടികജാതി വികസന ആഫീസിൽ തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. വലിയ ഒരു കാലയളവിൽ ഈ തുക ആഫീസിൽ സൂക്ഷിക്കാനുള്ള കാരണം വിശദമാക്കേണ്ടതാണ്

**2.അക്വിറ്റൻസ്(ജീവനക്കാര്യം**

18/3/13 മുതൽ 6/11/15 വരെയുള്ള കാലയളവിൽ പരിപാലിച്ചു വരുന്ന സാലറി അക്വിറ്റൻസ് രജിസ്റ്ററിൽ പട്ടികജാതി വികസന ആഫീസർ സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7/2/2017 മുതൽ ആരംഭിക്കുന്ന സാലറി അക്വിറ്റൻസ് രജിസ്റ്ററിൽ Bill no.185/PMW/2017-18 പ്രകാരം മാറിയിരിക്കുന്നത് 22,953/-രൂപയാണ് ആയത് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട് എന്നാൽ Total കൂട്ടി എഴുതിയിരിക്കുന്നത് 18,178/-രൂപയാണ്. ടി രജിസ്റ്ററിൽ തന്നെ പേജ് നമ്പർ 91 മുതൽ വിതരണം ചെയ്തിരിക്കുന്ന തുകകൾ പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

3. <u>അക്വിറ്റൻസ് (എസ്.സി പ്രമോട്ടർമാർ)</u>

തുകകൾ വിതരണം ചെയ്യുന്നത് പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാഹരണം പേജ് നമ്പർ 15, 16, 27, 28 ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ട്. മറ്റ് പരാമർശങ്ങൾ ഇല്ല.

4 .<u>അക്വിറ്റൻസ് (അപ്രന്റീസ് ക്ലാർക്ക് കം ടൈപ്പിസ്റ്റ്)</u>

രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ട്. മറ്റ് പരാമർശങ്ങൾ ഇല്ല

5.<u>അക്വിറ്റൻസ്(ലംപ്സം ഗ്രാന്റ് രജിസ്റ്റർ)</u>

2017-18 മുതൽ തുടർന്ന് വരുന്ന അക്വിറ്റൻസ് രജിസ്റ്ററിൽ പട്ടികജാതി വികസന ആഫീസർ സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്കൂളുകൾക്ക് വിതരണം ചെയ്തിരിക്കുന്ന തുകകൾ പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

6.<u>അക്വിറ്റൻസ്(സ്റ്റൈപ്പന്റ് രജിസ്റ്റർ)</u>

2017-18 മുതൽ തുടർന്ന് വരുന്ന അക്വിറ്റൻസ് രജിസ്റ്ററിൽ പട്ടികജാതി വികസന ആഫീസർ സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്കൂളുകൾക്ക് വിതരണം ചെയ്തിരിക്കുന്ന തുകകൾ പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7. <u>അക്വിറ്റൻസ്(പാരലൽ കോളേജ് ധനസഹായം)</u>

പാരലൽ കോളേജ് ധനസഹായത്തിനുള്ള രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ട്. മറ്റ് പരാമർശങ്ങൾ ഇല്ല

8. <u>അക്വിറ്റൻസ്(പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്)</u>

സ്കൂളുകൾക്ക് വിതരണം ചെയ്തിരിക്കുന്ന തുകകൾ പട്ടികജാതി വികസന ആഫീസർ ഇനിഷ്യൽ ചെയ്ത് സാക്ഷ്യപ്പെടുത്തുന്നില്ല.ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

9. അക്വിറ്റൻസ്(വിവാഹധനസഹായം)

ഗുണഭോക്തൃ രജിസ്റ്റർ തന്നെ അക്വിറ്റൻസ് ആയി ഉപയോഗിക്കുന്നു. ടി രജിസ്റ്റർ പട്ടികജാതി വികസന ആഫീസർ സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മാത്രവുമല്ല പേജ് നമ്പർ 113 മുതൽ 136 വരെയും പേജ് നമ്പർ 139 മുതൽ 172 വരെയും വിതരണം ചെയ്തിരിക്കുന്ന തുകകൾ പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

10. അക്വിറ്റൻസ്(മിശ്രവിവാഹധനസഹായം)

മിശ്രവിവാഹധനസഹായ രജിസ്റ്റർ പട്ടികജാതി വികസന ആഫീസർ സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല ഗുണഭോക്തൃ രജിസ്റ്റർ തന്നെ അക്വിറ്റൻസ് ആയി ഉപയോഗിക്കുന്നു. തുകകൾ വിതരണം ചെയ്യുന്നത് പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല ഉദാഹരണം പേജ് നമ്പർ 31 മുതൽ 40 വരെ ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

11.അക്വിറ്റൻസ് (സ്വയം തൊഴിൽ പദ്ധതി/വിദേശ തൊഴിൽ പദ്ധതി രജിസ്റ്റർ )

സ്വയം തൊഴിൽ പദ്ധതി /വിദേശ തൊഴിൽ പദ്ധതി രജിസ്റ്റർ പട്ടികജാതി വികസന ആഫീസർ സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല ഗുണഭോക്തൃ രജിസ്റ്റർ തന്നെ അക്വിറ്റൻസ് ആയി ഉപയോഗിക്കുന്നു.

12.അക്വിറ്റൻസ്(ടോയ്ലെറ്റ് നിർമ്മാണ ധനസഹായം)

പട്ടികജാതി വികസന ആഫീസർ സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തുകകൾ വിതരണം ചെയ്യുന്നത് Abstract എഴുതുന്നുണ്ട്. രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ട്. മറ്റ് പരാമർശങ്ങൾ ഇല്ല.

13. അക്വിറ്റൻസ് (പ്രത്യേക പ്രോത്സാഹന സമ്മാന ധനസഹായം)

2017-18 മുതൽ തുടർന്ന് വരുന്ന രജിസ്റ്ററിൽ എസ്.സി.ഡി.ഒ സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. മറ്റ് പരാമർശങ്ങൾ ഇല്ല.

## 14. അക്വിറ്റൻസ് (Daily wages)

2015 മുതൽ തുടർന്ന് വരുന്ന Daily wages അക്വിറ്റൻസ് രജിസ്റ്ററിൽ പേജ് നമ്പർ 10 ൽ വിതരണം ചെയ്തിട്ടുള്ള ചുവടെ പറയുന്ന ബില്ലുകൾ പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| ബിൽ നം | ബിൽ തുക |
|---|---|
| 10/cb/2016-17 | 25,575/- |
| 18/cb/2016-17 | 81,275/- |
| 31/cb/2016-17 | 18,900/- |
| 32/cb/2016-17 | 12,600/- |

## പാർട്ട് III

### വിവിധ പദ്ധതികൾ സംബന്ധിച്ച്

#### 1. ഭൂരഹിത പുനരധിവാസ പദ്ധതി-

1. 2015-16 വർഷം മുതൽ 2017-18 വർഷം വരെ ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താ ക്കളുടെ എണ്ണം | അനുവദിച്ച തുക | വാങ്ങിയ സ്ഥല ത്തിന്റെ അളവ് |
|---|---|---|---|
| 2015-16 | 15 | 59,25,000/-(11X3,75,000/-, 4X4,50,000/-) | 86 സെന്റ് |
| 2016-17 | 17 | 68,25,000/-(11X3,75,000/-, 6X4,50,000/-) | 1 ഏക്കർ 13 സെന്റ് |
| 2017-18 | 40 | 1,59,75,000/-(27X3,75,000/-, 13X4,50,000/-) | 2 ഏക്കർ 47 സെന്റ് |

1. 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ ഗുണഭോക്തൃരജിസ്റ്റർ ഭേതപ്പെട്ട രീതിയിൽ പരിപാലിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ 2017-18 സാമ്പത്തികവർഷം ജാഗ്രതകുറവ് ബോധ്യപ്പെട്ടു. ഗുണഭോക്തൃ രജിസ്റ്റർ കാര്യക്ഷമമായി പരിപാലിക്കുന്നതിനായിട്ടാണ് നിശ്ചിത മാതൃകയിൽ ടി രജിസ്റ്റർ പ്രിന്റ്ചെയ്ത് ലഭ്യമാക്കിയിട്ടുള്ളത്. ടി രജിസ്റ്ററിൽ ആവശ്യമായ എല്ലാവിവരങ്ങളും രേഖപ്പെടുത്തി, ഗുണഭോക്താക്കളുടെ പാസ്പോർട്ട്

സൈസ് ഫോട്ടോ പതിച്ച് ഓഫീസർ തീയതി സഹിതമുള്ള ഒപ്പ് രേഖപ്പെടുത്തണമെന്നിരിക്കെ അപ്രകാരം ചെയ്യുന്നതിൽ വീഴ്ചയുള്ളതായി കാണുന്നു.

2. 2017-18 വർഷം ഗുണഭോക്തൃ രജിസ്റ്റർ ഓഫീസർ തീയതി സഹിതമുള്ള ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിച്ചറിയിക്കേണ്ടതാണ്.

3. ഗുണഭോക്താക്കളുടെ പാസ്പ്പോർട്ട് സൈസ് ഫോട്ടോ ടി രജിസ്റ്ററിൽ പതിക്കാത്ത ധാരാളം ഗുണഭോക്താക്കളുള്ളതായി കാണുന്നു.

1. ശ്രീ.വിനോദ്.കെ,കോട്ടക്കുന്ന്ഹൗസ്,ബേക്കൽ ഫോർട്ട്,2015-16
2. ശ്രീമതി.ജിഷ.ബി,മൂലക്കണ്ടം,ആനന്ദാശ്രമം.-2015-16
3. ശ്രീമതി.പ്രീതി.കെ,കാരക്കുന്ന് കോളനി,രാവണീശ്വരം-2015-16.
4. ശ്രീ.രമേശൻ.എം,മൗവ്വൽ കോളനി, ബേക്കൽ ഫോർട്ട്.2015-16
5. ശ്രീമതി.പ്രജിത.എൻ,നെല്ലിയടുക്കം,പനയാൽ.2015-16
7. ശ്രീമതി.അനൂഷ എം.ആർ,മൂലക്കണ്ടംകോളനി,അജാനൂർ-2016-17
8. ശ്രീമതി.ശരണ്യ.കെ,കണ്ടംകടവ് ഹൗസ്,കാഞ്ഞങ്ങാട്-2016-17
9. ശ്രീ.സുധീഷ്.എം, ,മൂലക്കണ്ടംകോളനി,അജാനൂർ-2017-18
10. ശ്രീ.രതീഷ്.കെ,പുതിയകണ്ടംലക്ഷംവീട്,അജാനൂർ-2017-18
11. ശ്രീ.സുരേഷ്.എം,മഠത്തിൽകോളനി,ബേക്കൽ-2017-18
12. ശ്രീമതി.ശാന്തിനി.കെ,കുണ്ടോളംപാറ,ഉദുമ-2017-18
13. ശ്രീമതി.സുലോചന.കെ,നിയർ എസ്.എൻ.പി.ടി,കാഞ്ഞങ്ങാട്-2017-18
14. ശ്രീമതി.സന്ധ്യ.ബി,പാക്യംഹൗസ്,പള്ളിക്കര.2017-18-

ടീ ഗുണഭോക്താക്കളുടെ പാസ്പ്പോർട്ട് സൈസ് ഫോട്ടോ രജിസ്റ്ററിൽ പതിച്ച് വിവരം അറിയിക്കേണ്ടതാണ്.

4. ആധാരങ്ങൾ തിരികെ നൽകുന്ന വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, ഗുണഭോക്താക്കളുടെ ഒപ്പ് രേഖപ്പെടുത്തേണ്ടതുമാണ്.

5. അക്കൗണ്ടന്റ് ജനറലിന് യൂ.സി അയയ്ക്കുന്ന വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.

6. ദുർബ്ബലവിഭാഗങ്ങളുടെ വിവരം പൊതുവായി ചേർക്കാതെ പ്രത്യേകം രേഖപ്പെടുത്തി പരിപാലിക്കേണ്ടതും, പൊതുവായ ക്രമനമ്പറിൽപ്പെടുത്താതെ പ്രത്യേകം ക്രമനമ്പർ നൽകേണ്ടതുമാണ്.

7. ഭൂരഹിത പുനരധിവാസ പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട നടപടിക്രമങ്ങളിലൊന്നാണ് ഗുണഭോക്താവും (ഒന്നാംകക്ഷി) കേരളാ ഗവർണ്ണർക്ക് വേണ്ടി പട്ടികജാതി വികസന ആഫീസറും (രണ്ടാം കക്ഷി) തമ്മിൽ 200/- രൂപയുടെ മുദ്രപ്പത്രത്തിൽ (നിശ്ചിത മാതൃകയിൽ എഴുതിയൊ, ടൈപ്പ്ചെയ്തോ) ഏർപ്പെടുന്ന കരാർ. ഇവിടെ ഗുണഭോക്താക്കൾ മുദ്രപ്പത്രം വാങ്ങി നൽകിയിട്ടുണ്ട്. നിശ്ചിത മാതൃകയിൽ കരാർ വ്യവസ്ഥകൾ പ്രിന്റ് ചെയ്ത് ഗുണഭോക്താക്കൾ ഒപ്പിട്ടുനൽകിയിട്ടുമുണ്ട്. എന്നാൽ 3 വർഷത്തേയും എഗ്രിമെന്റ് പട്ടികജാതി വികസന ആഫീസർ ഒപ്പിട്ട് തീയതി രേഖപ്പെടുത്തി നിയമവിധേയമാക്കിയിട്ടില്ല. രണ്ട് സാക്ഷികളുടെ സാന്നിധ്യത്തിലാണ് കരാറിൽ ഏർപ്പെടേണ്ടത് എന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. ന്യൂനത പരിഹരിച്ചറിയിക്കേണ്ടതാണ്.

8. രജിസ്റ്ററിൽ അപേക്ഷകരുടെ വിവരം ഇടവേളകളില്ലാതെ തുടർച്ചയായി രേഖപ്പെടുത്തിയതായി കാണുന്നു. ഇത് രജിസ്റ്റർ പരിശോധനയിൽ ധാരാളം ബുദ്ധിമുട്ട് ഉണ്ടാക്കി. സാമ്പത്തികവർഷം അവസാനിക്കുമ്പോൾ ആവർഷത്തെ സംക്ഷിപ്തം രജിസ്റ്ററിൽ എഴുതിസൂക്ഷിക്കുന്നതിനും, അടുത്ത സാമ്പത്തിക വർഷത്തെ എൻട്രികൾ സാമ്പത്തികവർഷം വ്യക്തമായി എഴുതിയശേഷം മാത്രമേ വരുത്താവു എന്നും നിർദ്ദേശിക്കുന്നു.

9. ധാരാളം ആധാരങ്ങൾ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. അനുവദിച്ചു നൽകിയ സ്ഥലം ഗുണഭോക്താവിന്റെ പേരിൽകൂട്ടി കരമടച്ചു കഴിഞ്ഞാൽ ആധാരങ്ങൾ ഓഫീസിൽ സൂക്ഷിക്കേണ്ട കാര്യമില്ല. (വകുപ്പ് ഡയറക്ടറുടെ 19-08-2015 ലെ A316352/15 കത്ത് പ്രകാരം ഈ വിവരം എല്ലാ നിർവ്വഹണ ഉദ്ധ്യോഗസ്ഥരേയും അറിയിച്ചിട്ടുള്ളതാണ്.) ഇക്കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

10. 3 വർഷത്തേയും ഫയൽ തൃപ്തികരമായി പരിപാലിച്ചിട്ടുണ്ട്. ഓരോ വർഷവും ധനസഹായം അനുവദിക്കപ്പെട്ട ഗുണഭോക്താക്കളുടെ അപേക്ഷകളും അപേക്ഷയോടൊപ്പം സൂക്ഷിക്കേണ്ട മറ്റ് രേഖകളും (രജിസ്റ്ററിലെ ക്രമനമ്പർ രേഖപ്പെടുത്തി) ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ജില്ലാ ഓഫീസിൽ നിന്നും മറ്റ് ഓഫീസുകളിൽനിന്നും

ലഭിച്ചിട്ടുള്ള ഉത്തരവുകളും നിർദ്ദേശങ്ങളും അതാതു വർഷത്തെ ഫയലിൽ സൂക്ഷിക്കുന്നതിൽ കൂടുതൽ ജാഗ്രത പുലർത്താൻ നിർദ്ദേശിക്കുന്നു.

11. ധനസഹായം അനുവദിച്ചതുസംബന്ധിച്ച സാധൂകരണ ഉത്തരവ് ജില്ലാ പട്ടികജാതി വികസന ഓഫീസറിൽ നിന്നും ലഭ്യമാക്കി റിപ്പോർട്ടുചെയ്യേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ച് വിവരം റിപ്പോർട്ടുചെയ്യേണ്ടതുമാണ്.

## 2. ദുർബ്ബല വിഭാഗങ്ങൾക്കുള്ളഭൂ രഹിത പുനരധിവാസ പദ്ധതി-

1. 2015-16 വർഷം മുതൽ 2017-18 വർഷം വരെ ദുർബ്ബല വിഭാഗങ്ങൾക്കുള്ള ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | വാങ്ങിയ സ്ഥലത്തിന്റെ അളവ് |
|---|---|---|---|
| 2015-16 | 2 | 7,50,000/-(2X3,75,000/- | 15 സെന്റ് |
| 2016-17 | 2 | 7,50,000/-(2X3,75,000/- | 20 സെന്റ് |
| 2017-18 | -- | -- | -- |

2. 2017-18 സാമ്പത്തികവർഷം ഈ പദ്ധതി പ്രകാരം ധനസഹായം നൽകിയതായി കാണുന്നില്ല. ഈ പദ്ധതിക്കായി പ്രത്യേകം രജിസ്റ്റർ പരിപാലിക്കുന്നില്ല. ഭൂരഹിത പുനരധിവാസ പദ്ധതി രജിസ്റ്ററിലാണ് ഇതിന്റെയും ഗുണഭോക്തൃ വിവരം രേഖപ്പെടുത്തിയിരിക്കുന്നത്.

3. അപേക്ഷകളും അനുബന്ധരേഖകളും, ആനുകൂല്യം അനുവദിച്ച മേലാഫീസറുടെ ഉത്തരവുകളും ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്ററിൽ ഗുണഭോക്താവിന്റെ ഫോട്ടോ പതിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. 2 വർഷത്തേയും എഗ്രിമെന്റ് പട്ടികജാതി വികസന ആഫീസർ ഒപ്പിട്ട് തീയതി രേഖപ്പെടുത്തി നിയമവിധേയമാക്കിയിട്ടില്ല

4. ധനസഹായം അനുവദിച്ചതുസംബന്ധിച്ച സാധൂകരണ ഉത്തരവ് ജില്ലാ പട്ടികജാതി വികസന ഓഫീസറിൽനിന്നും ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതും വിവരം റിപ്പോർട്ടുചെയ്യേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ച് വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

## 3. ഭവന നിർമ്മാണ ധനസഹായം.

1. 2007-08 മുതൽ 2017-18 വരെയുള്ള. ഭവന നിർമ്മാണ ധനസഹായ പദ്ധതിയുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

| വർഷം. | ടാർജറ്റ് | പൂർത്തിയായവ | പൂർത്തിയാക്കാൻ ഉള്ളത് | പൂർത്തിയാക്കാനുള്ള ഭവന ങ്ങളുടെ സ്റ്റേജ് വിവരം | | |
|---|---|---|---|---|---|---|
| | | | | I | II | III |
| 2007-08 | 36 | 34 | 2 | -- | -- | 2 |
| 2008-09 | 49 | 40 | 9 | 6 | 3 | -- |
| 2009-10 | 54 | 51 | 3 | 1 | 1 | 1 |
| 2010-11 | 50 | 36 | 14 | 3 | 4 | 7 |
| 2011-12 | 15 | 12 | 3 | 2 | -- | 1 |
| 2012-13 | 9 | 9 | - | -- | -- | -- |
| 2013-14 | 2 | 1 | 1 | -- | 1 | -- |
| 2014-15 | 6 | 5 | 1 | -- | 1 | -- |
| 2015-16 | 7 | 4 | 3 | -- | 2 | 1 |
| 2016-17 | 26 | 17 | 9 | -- | 5 | 4 |
| 2017-18 | 31 | 15 | 16 | 3 | 9 | 4 |
| ആകെ | 285 | 224 | 61 | 15 | 26 | 20 |

2. 2007-08 വർഷം മുതൽ 2017-18 വർഷംവരെ അനുവദിച്ച 285 വീടുകളിൽ 224 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട് (78.59%). ഇപ്പോഴും ഒന്നാം ഗഡുവിൽ നില്ക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം സംബന്ധിച്ച് ഇപ്പോഴത്തെ അവസ്ഥ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

3. അവശേഷിക്കുന്ന വീടുകളിൽ എത്രയെണ്ണം ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയെന്നും അതിൽ പൂർത്തിയായവ എത്രയെന്നും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. അപേക്ഷകളും അനുബന്ധരേഖകളും, ആനുകൂല്യം അനുവദിച്ച മേലാഫീസറുടെ ഉത്തരവുകളും ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്ററിൽ ഗുണഭോക്താവിന്റെ ഫോട്ടോ പതിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്ററിൽ നഗരസഭയിലേയും, ബ്ലോക്ക് പഞ്ചായത്തിലേയും ഗുണഭേക്താക്കളുടെ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടുണ്ട്. ഈ രീതി എല്ലാ പദ്ധതികളുടേയും ഗുണഭോക്തൃരജിസ്റ്ററുകളിൽ അനുവർത്തിക്കാവുന്നതാണ്.

5. യു.സി അയച്ചതിന്റെ പകർപ്പ് അതാതു വർഷത്തെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഈ ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്

6/



6. ഗഡുക്കൾ അനുവദിക്കുന്നത് യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്.

**4. ദുർബ്ബല വിഭാഗങ്ങൾക്കുള്ള.ഭവന നിർമ്മാണ ധനസഹായപദ്ധതി.**

2015-16 സാമ്പത്തികവർഷം ഈ പദ്ധതിപ്രകാരം ആർക്കും ധനസഹായം നൽകിയിട്ടില്ലെന്ന് കാണുന്നു. 2016-17, 2017-18 വർഷങ്ങളിൽ ധനസഹായം നൽകിയതു സംബന്ധിച്ച വിവരങ്ങൾ ചുവടെ പറയുന്നു.

| വർഷം. | ടാർജറ്റ് | പൂർത്തിയായവ | പൂർത്തിയാക്കാൻ ഉള്ളത് | പൂർത്തിയാക്കാനുള്ള ഭവന ങ്ങളുടെ സ്റ്റേജ് വിവരം | | |
|---|---|---|---|---|---|---|
| | | | | I | II | III |
| 2015-16 | -- | -- | | | | |
| 2016-17 | 8 | 4 | 4 | 1 | 2 | 1 |
| 2017-18 | 24 | 6 | 18 | 3 | 3 | 12 |
| | 32 | 10 | 22 | 4 | 5 | 13 |

2. 2016-17,2017-18 സാമ്പത്തികവർഷം ഈ പദ്ധതിക്കായി രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്ററിലെ ഗുണഭോക്തൃ വിവരങ്ങൾ പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

3. ഗഡുക്കൾ അനുവദിക്കുന്നത് യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

**5.ഭവന പുനരുദ്ധാരണ ധനസഹായം.**

1. 2013-14 സാമ്പത്തിക വർഷം ആരംഭിച്ച ഈ പദ്ധതിപ്രകാരം ധനസഹായം നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ടാർജറ്റ് | പൂർത്തിയാക്കിയവർ | ശേഷിക്കുന്നവർ |
|---|---|---|---|
| 2013-14 | 10 | 10 | -- |
| 2014-15 | 11 | 11 | -- |
| 2015-16 | 12 | 12 | -- |
| 2016-17 | 14 | 12 | 2 |
| | | | |

2. 2016-17 ലെ രണ്ട് ഗുണഭോക്താക്കൾ മാത്രമാണ് നിർമ്മാണം പൂർത്തിയാക്കാനുള്ളത്. ഇതുസംബന്ധിച്ച നിലവിലെ സ്ഥിതി അറിയിക്കേണ്ടതും നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

3. യു.സി അയച്ചതിന്റെ പകർപ്പ് അതാതു വർഷത്തെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

6. **പഠനമുറി നിർമ്മാണ ധനസഹായപദ്ധതി.**

2017-18 വർഷം ആരംഭിച്ച ഈ പദ്ധതി പ്രകാരം 21 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. പരിശോധനാകാലയളവായ 31-03-2018 ൽ ആരും നിർമ്മാണം പൂർത്തീകരിച്ചിരുന്നില്ല. പരിശോധനാ തീയതിയായ 14-01-2019 ൽ 20 എണ്ണം പൂർത്തിയാക്കിയതായി ബോധ്യപ്പെട്ടു. ശേഷിക്കുന്ന ഒരു ഗുണഭോക്താവ് മൂന്നാം ഗഡുവിൽ നിൽക്കുന്നതായി കാണുന്നു. ടിയാളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും താമസംവിനാ അവസാനഗഡു നൽകുന്നതാണെന്നും പട്ടികജാതി വികസന ആഫീസർ അറിയിച്ചു. യു.സി അയച്ച് വിവരം അറിയിക്കേണ്ടതാണ്. മറ്റ് പരാമർശങ്ങൾ ഇല്ല.

7. **ചികിത്സാധനസഹായം**

1. ചികിത്സാധനസഹായം അനുവദിക്കുന്നതിനുള്ള അലോട്ട്മെന്റ് ജില്ലാ ഓഫീസർ നൽകുകയും ടി തുക ഓഫീസറുടെ STSB അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചികിത്സാധനസഹായം അനുവദിക്കുന്ന ഗുണഭോക്താക്കൾക്ക് ചെക്ക്മുഖേന തുക നൽകുകയുമാണ് 2015-16, 2016-17 വർഷങ്ങളിൽ ചെയ്തിരുന്നത്. ശേഷം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കും. 2017-18 വർഷം വരെ ധനസഹായം നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---:|---:|
| 2015-16 | 55 | 10,40,000/- |
| 2016-17 | 64 | 9,25,000/- |
| 2017-18 | 118 | 16,18,000/- |

2. ചികിൽസാധനസഹായത്തിനായി പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നതായി കണ്ടില്ല. അക്വിറ്റൻസ് പരിപാലിക്കുന്നതിൽ തൃപ്തി രേഖപ്പെടുത്തുന്നു. അപേക്ഷകളും അനുബന്ധരേഖകളും പരിപാലിക്കുന്നതിൽ കൂടുതൽ ശ്രദ്ധപുലർത്താൻ നിർദ്ദേശിക്കുന്നു. ഓരോ ബിൽ പ്ര: കാരമുള്ള payment ന് ശേഷം abstact എഴുതേണ്ടതാണ്. യു.സി അയയ്ക്കുന്നതിന്റെ കോപ്പി ഫയലിൽതന്നെ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കണം.

**8. ടോയിലറ്റ് നിർമ്മാണ ധനസഹായം.**

പരിശോധനാ കാലയളവിൽ 2015-16 വർഷം മാത്രമാണ് ടോയിലറ്റ് നിർമ്മാണ ധനസഹായ പദ്ധതി തുടർന്നിരുന്നത്. ടി വർഷം ധനസഹായം നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ടാർജറ്റ് | പൂർത്തിയാക്കിയവർ | ശേഷിക്കുന്നവർ |
|---|---|---|---|
| 2015-16 | 30 | 30 | |
| 2016-17 | - | - | - |
| | | | |

2012-13 വർഷം ആരംഭിച്ച ഈ പദ്ധതി പ്രകാരം ധനസഹായം നൽകിയ എല്ലാ ഗുണഭോക്താക്കളുടേയും വിവരം ഈടുള്ള ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു. മറ്റ് പരാമർശങ്ങൾ ഇല്ല.

**9. വാത്സല്യനിധി.**

സ.ഉ(പി)നം.11/2017/പജ.പവ.വിവ തീയതി 15-11-2017 പ്രകാരം ആവിഷ്കരിച്ച ഈ പദ്ധതി പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കുന്നു. 18 വയസ് പൂർത്തിയാകുന്നമുറക്ക് 3,03,526/- രൂപ ഇൻഷ്വറൻസ് പരിരക്ഷയായി ലഭിക്കുന്നു. ഈ തുക ഉപരിപഠനത്തിനോ ഇതര ജീവിത സന്ധാരണത്തിനോ വിനിയോഗിക്കാവുന്നതാണ്.

2017-18 സാമ്പത്തികവർഷം ഈ ഇനത്തിൽ 18 അപേക്ഷകൾ ലഭിച്ചതായും ടി അപേക്ഷകൾ മേൽ നടപടിക്കായി ജില്ലാപട്ടികജാതി വികസന ഓഫീസർക്ക് അയച്ചിട്ടുള്ളതായി കാണുന്നു. ഇതുസംബന്ധിച്ച പുരോഗതി അറിയിക്കേണ്ടതാണ്.

**10.വിദേശ തൊഴിൽ ധനസഹായം.**

ടി പദ്ധതി പ്രകാരം ധനസഹായം അനുവദിച്ച ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ഒന്നാം ഗഡുവിൽ നിൽക്കുന്നവർ | രണ്ടാം ഗഡു കൈപ്പറ്റിയവർ | അനുവദിച്ച ആകെ തുക |
|---|---|---|---|---|
| 2015-16 | 3 | 3 | - | 1,10,000/- |
| 2016-17 | 3 | 3 | 2 | 1,30,000/- |
| 2017-18 | 8 | 8 | 1 | 3,70,000/- |

2015-16 ലെ 3 പേരും, 2016-17 ലെ ഒരു ഗുണഭോക്താവും, 2017-18 7 ഗുണഭോക്താക്കളും രണ്ടാം ഗഡു കൈപ്പറ്റാനുള്ളതായി കാണുന്നു. ഗുണഭോക്തൃ രജിസ്റ്റർ പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആരുടേയും കരാർ ഉടമ്പടി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. പദ്ധതി പ്രകാരമുള്ള രണ്ടാം ഗഡു തുക കൈപ്പറ്റുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകേണ്ടതും അപ്രകാരം ചെയ്യാത്തവരിൽനിന്നും കൈപ്പറ്റിയ തുക തിരിച്ചു പിടിക്കാൻ നടപടി സ്വീകരിക്കേണ്ടതും മേൽ ന്യൂനതകൾ പരിഹരിച്ചും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**11. സ്വയംതൊഴിൽ ധനസഹായം.**

1. പരിശോധനാ കാലയളവിൽ സ്വയംതൊഴിൽ പദ്ധതി പ്രകാരം ആനുകൂല്യ നൽകിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം. | അനുവദിച്ച സബ്സിഡി |
|---|---|---|
| 2015-16 | 5 | 3,73,764/- |
| 2016-17 | 1 | 1,00,000/- |
| 2017-18 | 4 | 2,98,500/- |

2. 2015-16 സാമ്പത്തികവർഷം ജില്ലാ പട്ടികജാതി വികസന ഓഫീസർ നേരിട്ടാണ് സബ്സിഡി അനുവദിച്ചിരുന്നത്. പ്രസ്തുത വർഷം ടി ബ്ലോക്കിലെ 5 ഗുണഭോക്താക്കൾക്കായി അനുവദിച്ച 3,73,764/- രൂപയിൽ 3,01,831/- രൂപ മാത്രമാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത്. ശ്രീമതി.പുഷ്പലത.കെ, ഗാർഡൻവളപ്പ്, ഫാത്തിമാ ക്വാട്ടേഴ്സ് എന്ന ഗുണഭോക്താവിന് സ്വയം തൊഴിൽ സബ്സിഡി ആയി അനുവദിച്ചിരുന്ന 71,933/-രൂപ- ടിയാൾ പ്രോജക്ട് റിപ്പോർട്ട് പ്രകാരമുള്ള വ്യവസായം ആരംഭിക്കാതിരുന്നതു കാരണം വിതരണം ചെയ്തിരുന്നില്ല. ടി തുക 15-09-2017 ൽ കാസറഗോഡ് പട്ടികജാതി വികസന ആഫീസർക്ക് തിരികെ നൽകിയതായി കാണുന്നു.

3. ഗുണഭോക്തൃവിവരം രേഖപ്പെടുത്തുന്നതിനായി 2016-17 വർഷംമുതൽ രജിസ്റ്റർ പരിപാലിച്ചുവരുന്നു. യു.സി അയച്ച് വിവരം അറിയിക്കേണ്ടതാണ്. മറ്റ് പരാമർശങ്ങൾ ഇല്ല.

**12.വിവാഹധനസഹായം**

1. 2015-16 വർഷം മുതൽ 2017-18 വർഷം വരെ വിവാഹ ധനസഹായപദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചുനൽകിയ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2015-16 | 28 | 14,00,000/- (28 X 50000) |
| 2016-17 | 23 | 11,50,000/- (23 X 50000) |
| 2017-18 | 34 | 21,20,000/- (1 X 20000, 15X50000, 18X75000) |

2. 2012-13 വർഷം മുതൽ തുടരുന്ന രജിസ്റ്ററിലാണ് പരിശോധനാകാലയളവിലെ രേഖപ്പെടുത്തലുകൾ. ഈ രജിസ്റ്ററിൽ പേജ്നമ്പർ ഇട്ടിട്ടുണ്ടെങ്കിലും സാക്ഷ്യപത്രം എഴുതി ഒപ്പിട്ടിട്ടില്ല.

3. ധാരാളം വിവാഹസർട്ടിഫിക്കറ്റുകൾ (ഒർജിനൽ) അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടുള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടു. ഉദാ:-ചുവടെ

2015-16

a. ശ്രീ.രാധാകൃഷ്ണൻ.എം. മൗവ്വൽഹൗസ്, മൗവ്വൽ.പി.ഒ.

2016-17

b. ശ്രീമതി.നാരായണി.എം, കാരക്കുന്ന്കോളനി, രാവണേശ്വരം.പി.ഒ

c. ശ്രീമതി.തുളസി.പി.എൻ, ചിന്നിലവളപ്പ്, പാക്കം.പി.ഒ

d. ശ്രീ.പുരുഷൻ.കെ, പള്ളത്തിങ്കൽ ഹൗസ്, പാക്കം.പി.ഒ

e. ശ്രീ.ഗംഗാധരൻ.വി, തിയ്യർപ്പാലം, എച്ചിക്കാനം.പി.ഒ

f. ശ്രീമതി.സുമതി, ആര്യടുക്കംഹൗസ്, മങ്ങാട്.പി.ഒ

g. ശ്രീമതി.ലിങ്കമ്മ, W/Oദാസൻ, കല്യാൺറോഡ്, മൈക്കാനം

2017-18

h. ശ്രീ.സുധാകരൻ.ആർ, സെറ്റിൽമെന്റ് സ്കീം കോളനി, രാവണേശ്വരം

i. ശ്രീമതി.ശീലാവതി.എൻ.എൻ, മുക്കുന്നോത്ത്ഹൗസ്, ബാര.പ.ഒ

j. ശ്രീമതി.സുശില.കെ.പി, കാർത്തികഹൗസ്, ഉപ്പിലക്കൈ

k. ശ്രീമതി.സാവിത്രി.ബി, തൊടുപ്പനംഹൗസ്, ഹരിപുരം

l. ശ്രീ.ചോമൻ, മൗവ്വൽഹൗസ്, മൗവ്വൽ.പി.ഒ.

m. ശ്രീമതി.ശാന്ത.ആർ, ഇട്ടുമ്മൽഹൗസ്, നിയർ snpt കാഞ്ഞങ്ങാട്.പി.ഒ

n. ശ്രീമതി.യമുന.റ്റി, തെക്കേക്കുനിഹൗസ്, പള്ളിക്കര

o.ശ്രീമതി.ജയ.കെ,ജിനിൽനിവാസ്,മൂലക്കണ്ടം

p.ശ്രീ.ബേബി,കോട്ടക്കുന്ന്,പള്ളിക്കര.പി.ഒ

q. ശ്രീമതി.ലളിത, നാലാംവാതുക്കൽഹൗസ്, ബാര,പി.ഒ

r. ശ്രീ.ഗംഗാധർ.കെ.വി, സരോവരം, ചതുരക്കിണർ

s. ശ്രീമതി.സുശീല, ഞെക്ലിഹൗസ്, മൈലാടി.പി.ഒ.

കുടുബജീവിതത്തിൽ പലയവസരങ്ങളിലും ആവശ്യമായിവരുന്ന പ്രധാനരേഖ ഒരാവശ്യവുമില്ലാതെ ഓഫീസിൽ സൂക്ഷിക്കേണ്ടതില്ല. അവ മടക്കിനൽകി വിവരം അറിയിക്കേണ്ടതാണ്.

4. അപേക്ഷകളോടൊപ്പം ഗുണഭോക്താക്കളുടെ പാസ്പ്പോർട്ട് സൈസ് ഫോട്ടോ അവശ്യ രേഖയാണെന്നിരിക്കെ ധാരാളം ഗുണഭോക്താക്കൾക്ക് ഈ വ്യവസ്ഥയിൽ ഇളവനുവദിച്ചതായി കാണുന്നു. ഗുണഭോക്തൃ രജിസ്റ്ററിലെ പേജ്നമ്പർ ചുവടെ പറയുന്നു.

119,124,125,126,127,128,129,130,131,136,139,142,143,144,145,146,147,148,153,155,159,162,163,164,165, 167,168,169,170,171,172 -ടി ഗുണഭോക്താക്കളുടെ പാസ്പ്പോർട്ട് സൈസ് ഫോട്ടോ ലഭ്യമാക്കി രജിസ്റ്ററിൽ രജിസ്റ്ററിൽ പതിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

5. 2016-17 വർഷം മുതൽ ഗുണഭോക്തൃരജിസ്റ്ററിലെ വിവരങ്ങൾ പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല.

6. ജില്ലാഓഫീസിൽ നിന്നും ധനസഹായം അനുവദിച്ചുനല്കുന്ന ഉത്തരവുകൾ ഫയലിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും യൂ.സി അയച്ചതിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല. യു.സി അയയ്ക്കുന്നതിന്റെ കോപ്പി ഫയലിൽതന്നെ സൂക്ഷിക്കേണ്ടതാണ്.

7. 15-16 സാമ്പത്തികവർഷം 28 അപേക്ഷകളും അനുബന്ധരേഖകളും, 16-17 സാമ്പത്തിക വർഷം 23 അപേക്ഷകളും അനുബന്ധരേഖകളും, 2017-18 വർഷം 34 അപേക്ഷകളും അനുബന്ധരേഖകളും രജിസ്റ്ററിലെ പേജ്നമ്പർ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ പരിപാലനം തൃപ്തികരമല്ല. സ്റ്റാപ്ളർ പിന്നിന്റെ അമിത ഉപയോഗംമൂലം അപേക്ഷകൾ പലതുംകീറി നാശോന്മുഖമായ അവസ്ഥയിലാണ്. കെട്ടിൽനിന്നിളകിയും, പല ഗുണഭോക്താക്കളുടേയും അപേക്ഷകളോടൊപ്പമുള്ള അനുബന്ധരേഖകൾ പരസ്പരം മാറിയുംഉള്ള അവസ്ഥയിലാണ്. അപേക്ഷകൾ നൂലുപയോഗിച്ച് കെട്ടിസൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

## 13. മിശ്രവിവാഹധനസഹായം -

1. 2015-16 വർഷം മുതൽ 2017-18 വർഷം വരെ മിശ്രവിവാഹ ധനസഹായപദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2015-16 | 2 | 1,00,000/-(2X50000) |
| 2016-17 | 1 | 50,000/-(1X50000) |
| 2017-18 | 9 | 6,25,000/-(2X50000(7X75000) |

2. 2012-13 വർഷം മുതൽ തുടരുന്ന രജിസ്റ്ററിലാണ് പരിശോധനാകാലയളവിലെ രേഖപ്പെടുത്തലുകൾ. 2017-18 വർഷത്തെ ഗുണഭോക്തൃ വിവരങ്ങൾ (രജിസ്റ്ററിൽ) പട്ടികജാതി വികസന ആഫീസർ തീയതി സഹിതമുള്ള ഒപ്പ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

3. 2017-18 ൽ ആകെ 9 ഗുണഭോക്താക്കൾക്കാണ് ധനസഹായം അനുവദിച്ചത്. ഇതിൽ 7 പേരുടേയും ഫോട്ടോ രജിസ്റ്ററിൽ പതിച്ചിട്ടില്ല. ടി 7 ഗുണഭോക്താക്കളുടെയും

പാസ്പ്പോർട്ട് സൈസ് ഫോട്ടോ ലഭ്യമാക്കി രജിസ്റ്ററിൽ പതിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

4. 2015-16 ലെ 2ഗുണഭോക്താക്കളുടേയും,2017-18 ലെ 7ഗുണഭോക്താക്കളുടേയും വിവാഹസർട്ടിഫിക്കറ്റുകൾ (ഒർജിനൽ) അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. അവ മടക്കിനൽകി വിവരം അറിയിക്കേണ്ടതാണ്.

5. മിശ്രവിവാഹധനസഹം അനുവദിക്കപ്പെട്ട ദമ്പതിമാരുടെ പേരിൽ നിശ്ചിത വിലയ്ക്കുള്ള മുദ്രപ്പത്രത്തിൽ ക്രമപ്രകാരമുള്ള എഗ്രിമെന്റ് ടൈപ്പ്ചെയ്ത് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ എഗ്രിമെന്റിൽ പട്ടികജാതി വികസന ആഫീസർ ഒപ്പിടണമെന്നിരിക്കെ അപ്രകാരം ചെയ്തിട്ടുള്ളതായി കാണുന്നില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

6. ഫയലിന്റെ പരിപാലനം തൃപ്തികരമാണ്. അപേക്ഷകളും അനുബന്ധരേഖകളും ജില്ലാ പട്ടികജാതി വികസന ഓഫീസർ വിവാഹ ധനസഹായമനുവദിച്ചുകൊണ്ടിറക്കുന്ന ഉത്തരവുകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. അപേക്ഷകളും അവയോടൊപ്പം സമർപ്പിച്ചിട്ടുള്ള രേഖകളും സൂക്ഷിക്കുന്നതിന് കുറേക്കൂടി ജാഗ്രത കാട്ടേണ്ടിയിരിക്കുന്നു. അപേക്ഷകൾ നൂലുപയോഗിച്ച് കെട്ടിസൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

7. 3 വർഷത്തേയും യൂ.സി ഏ.ജി യ്ക്ക് അയച്ച് വിവരം അറിയിക്കേണ്ടതാണ്.

## പാർട്ട് III(A)

### വിദ്യാഭ്യാസപദ്ധതികൾ.

### 1.ലംപ്സംഗ്രാന്റ് വിതരണം

1. വിവിധ വർഷങ്ങളിൽ എസ്.സി വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് /പ്രതിമാസ സ്റ്റൈപ്പന്റ് നൽകുന്നതിനായി ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വിഭാഗം | സ്കൂളുകളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക(ലംപ്സം ഗ്രാന്റ്) | പ്രതിമാസ സ്റ്റൈപ്പന്റ് നൽകുന്നതിന് ചെലവഴിച്ച തുക |
|---|---|---|---|---|---|
| 2015-16 | S.C | 85 | -- | 4,99,250/- | 2,96,881/- |
| | | 77 | 214 | | 2,73,400/- |
| 2016-17 | S.C | 80 | 598 | 4,40,240/- | |

| | | | | | |
|---|---|---|---|---|---|
| | | 51 | 185 | | 2,87,560/- |
| 2017-18 | S.C | 82 | 622 | 5,12,500/- | |
| | | 36 | 193 | | 2,94,290/- |

2017-18 സാമ്പത്തികവർഷംവരെയുള്ള അക്വിറ്റൻസ് സ്കൂളുകളിൽനിന്നുംലഭിച്ചിട്ടുണ്ട്. അവയുടെ പരിപാലനം കൂടുതൽ ശ്രദ്ധയോടെ നിർവഹിക്കാൻ നിർദ്ദേശിക്കുന്നു.

## 2.പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്.

1. 2015-16 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് പദ്ധതി പ്രകാരം ധനസഹായം നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2015-6 | 284 | 5,68,000/- |
| 2016-17 | 268 | 5,36,000/- |
| 2017-18 | 300 | 6,00,000/- |

2. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡിന് പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നില്ല. അക്വിറ്റൻസും അതോടൊപ്പം സാധനങ്ങൾ വാങ്ങിയ ബില്ല് എന്നിവയും സ്കൂളുകളിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടുണ്ട്. യു.സി അയച്ചതിന്റെ പകർപ്പുകൾ അതാതു വർഷത്തെ ഫയലുകളിൽ തന്നെ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മറ്റ് പരാമർശങ്ങൾ ഇല്ല.

## 3.സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്.

2017-18 സാമ്പത്തികവർഷംമുതൽക്കാണ് സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ് (5 മുതൽ 8 വരെ ക്ലാസിൽ പഠിക്കുന്ന കട്ടികൾക്ക്) നൽകാൻ തുടങ്ങിയത്. ടി വർഷം 313 വിദ്യാർത്ഥികൾക്കായി 6,26,000/- രൂപ വിതരണം ചെയ്തതായി കാണുന്നു. മറ്റ് പരാമർശങ്ങൾ ഇല്ല.

## 4.പാരലൽ കോളേജ് എഡ്യൂക്കേഷൻ എയ്ഡ്

1. 2015-16 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ ധനസഹായം നൽകിയ വിദ്യാർത്ഥികളുടെ വിവരം അനുവദിച്ച തുക എന്നിവ ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥിക ളുടെ എണ്ണം | | അനുവദിച്ച തുക | |
|---|---|---|---|---|
| | S.C | O.E.C | S.C | O.E.C |
| 2015-16 | 4 | 230 | 31,168/- | 17,09,544/- |
| 2016-17 | 6 | 321 | 54,731/- | 23,57,119/- |
| 2017-18 | 18 | 407 | 1,64,619/- | 25,99,485/- |

2. പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ രേഖപ്പെടുത്തിവയ്ക്കാൻ പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നില്ല. അക്വിറ്റൻസ് നല്ലരീതിയിൽ പരിപാലിക്കുന്നുണ്ട്. എങ്കിലും പേജ്നമ്പർഇട്ട് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. ആനുകൂല്യം അനുവദിച്ച ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ഉത്തരവുകൾ ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല. അപേക്ഷയുടേയും അനുബന്ധരേഖകളുടേയും പരിപാലനം ശ്രദ്ധയോടെ പരിപാലിക്കാൻ നിർദ്ദേശിക്കുന്നു.

3. മൂന്ന് വർഷത്തേയും യു.സി അയച്ചതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. യു.സി അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5. <u>ശ്രീ.അയ്യൻകാളിടാലന്റ് സേർച്ച് ഡവലപ്മെന്റ് സ്കീം.</u>

1. 2015-16 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ ധനസഹായം നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പുതുക്കൽ | പുതിയത് | ആകെ | അനുവദിച്ച തുക |
|---|---|---|---|---|
| 2015-16 | 1 | 1 | 2 | 9,000/- |
| 2016-17 | 2 | 2 | 4 | 18,000/- |
| 2017-18 | -- | -- | -- | -- |

2. സ്കൂൾ പഠനകാലത്ത് തന്നെ വിദ്യാർത്ഥികളുടെ ടാലന്റ് വർദ്ധിപ്പിയ്ക്കുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ച ഈ പദ്ധതിയെ വേണ്ടത്ര ഗൗരവത്തോടെ സമീപിക്കാനാകുന്നില്ലെന്ന വസ്തുതയാണ്. അതിനാൽ ഈ സ്കീമിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം സ്കൂൾ അധികൃതരുമായി ബന്ധപ്പെട്ട് പരിശോധിക്കേണ്ടതും എസ്.സി പ്രമോട്ടർമാർ കുട്ടികളുടെ ഭവനങ്ങളിൽ സന്ദർശനം നടത്തി പഠനനിലവാരം ഉറപ്പുവരുത്തേണ്ടതുമാണ്.

3. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെ രജിസ്റ്റർ പരിപാലിക്കുന്നതായി കാണുന്നില്ല. ഓരോ വർഷവും തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളുടെ വിവരം (ഫോട്ടോസഹിതം) രേഖപ്പെടുത്തി രജിസ്റ്റർ പരിപാലിക്കേണ്ടതും കുട്ടിയുടെ/രക്ഷകർത്താവിന്റെ വിലാസം (ഫോൺ നമ്പർസഹിതം), ആധാർനമ്പർ, അക്കൗണ്ട് നമ്പർ, പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഉത്തരവ്നമ്പർ തീയതി എന്നീവിവരങ്ങൾ രേഖപ്പെടുത്തിയെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ചുവടെ പറയുന്ന പ്രൊഫോർമയിൽ വാർഷിക സംക്ഷിപ്തവും രേഖപ്പെടുത്തേണ്ടതാണ്.

| വർഷം | പുതുക്കൽ അപേക്ഷകൾ | പുതിയ അപേക്ഷകൾ | ആകെ അപേക്ഷകൾ | അനുവദിച്ച തുകപുതുക്കൽ | അനുവദിച്ച തുക പുതിയത് |
|---|---|---|---|---|---|
| | | | | | |
| | | | | | |

4. യു.സി അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

6. <u>പ്രത്യേക പ്രോൽസാഹന സമ്മാനം.</u>

1. 2015-16 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ ധനസഹായം നല്കിയ വിദ്യാർത്ഥികളുടെ വിവരം അനുവദിച്ച തുക എന്നിവ ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2015-16 | 37 | 1,15,000/- |
| 2016-17 | 44 | 1,13,000/- |
| 2017-18 | 44 | 1,37,500/- |

പ്രത്യേകം രജിസ്റ്റർ പരിപാലിക്കുന്നില്ല.അക്വിറ്റൻസ് പരിപാലനം തൃപ്തികരമാണ് മറ്റ് പരാമർശങ്ങൾ ഇല്ല.

<u>7.ഐ.റ്റി.ഐ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം.</u>

എൻ.സി.വി.റ്റി അഫിലിയേഷൻ ലഭിച്ചിട്ടുള്ളതും വകുപ്പിന്റെ ഉടമസ്ഥതയിൽ ഉള്ളതുമായ ഐ.റ്റി.ഐ കൾ ഈ ബ്ലോക്ക പരിധിയിലാണ് പ്രവർത്തിക്കുന്നില്ല. സ്വകാര്യ ഐ.റ്റി.ഐ യിലെ സ്റ്റൈപ്പന്ററി സീറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക്

പരിശോധനാ കാലയളവിൽ ധനസഹായം നൽകിയതായി കാണുന്നു. ഇതുസംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | സ്ഥാപനങ്ങളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | തുക |
|---|---|---|---|
| 2015-16 | 2 | 15 | 50,352/- |
| 2016-17 | 2 | 9 | 28,450/- |
| 2017-18 | 2 | 7 | 21,205/- |

പ്രത്യേകം രജിസ്റ്റർ പരിപാലിക്കുന്നില്ല.അക്വിറ്റൻസ് പരിപാലനവും തൃപ്തികരമല്ല. ഐ.റ്റി.ഐ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന ധനസഹായം ലംപ്സംഗ്രാന്റ് ബില്ലിനൊപ്പംമാറാതെ പ്രത്യേകം ബില്ല്തയ്യാറാക്കി തേർച്ചചെയ്ത് വിതരണം നടത്തേണ്ടതും അക്വിറ്റൻസ് പ്രത്യേകമായി പരിപാലിക്കേണ്ടതുമാണ്.

# പാർട്ട് IV

## മറ്റ് രജിസ്റ്ററുകൾ

### 1. ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ

പരിശോധനാകാലത്ത് 3 രജിസ്റ്ററുകൾ പരിപാലിച്ചിട്ടുണ്ട്.22-02-2012 മുതൽ 01-06-2015 വരെയും,05-06-2015 മുതൽ 11-09-2017 വരെയും,09-10-2017 മുതലുള്ളത്, പരിശോധനാസമയത്ത് (16-01-2019) 150/- രൂപയുടെ സ്റ്റാമ്പ് ബാലൻസ് ഉണ്ടായിരുന്നു. ഇത് പരിശോധിച്ച് ബോധ്യപ്പെട്ടു. മാസംന്തോറും ഫിസിക്കൽ വെരിഫിക്കേഷനും ദ്വൈവാര ഭൗതിക പരിശോധനയും നടത്തുന്നതായി കാണുന്നില്ല. ഗവ.സർക്കുലർ നം.43/88/ഫിൻ തീയതി 03/06/1988 പ്രകാരം ദ്വൈവാര ഭൗതിക പരിശോധനയും, മാസഭൗതിക പരിശോധനയും നടത്തി സാക്ഷ്യപ്പെടുത്തൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഓഫീസ് ആവശ്യത്തിന് പോസ്റ്റേജ് സ്റ്റാമ്പ് വാങ്ങുമ്പോൾ ലഭിക്കുന്ന രസീത് ടി രജിസ്റ്ററിൽതന്നെ ഒട്ടിച്ച് സൂക്ഷിക്കുന്നതായി കാണുന്നു.

### 2.ഫർണിച്ചർ രജിസ്റ്റർ

2012-13 ൽ ആരംഭിച്ചതും നിലവിൽ തുടരുന്നതുമായ രജിസ്റ്റർ കാലപ്പഴക്കംകൊണ്ട് ജീർണിച്ചതാണ്.അതിനാൽ ടി രജിസ്റ്ററിലെ വിവരങ്ങൾ പുതിയ രജിസ്റ്റർ ആരംഭിച്ച് രേഖപ്പെടുത്തി സൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.ഇലക്ട്രോണിക് ഉപകരണങ്ങൾക്കും,ഫർണിച്ച

റുകൾക്കും ,നഗരസഭയുടേയും,ബ്ലോക്ക്പഞ്ചായത്തിന്റെയും വിവിധ സ്കീം പ്രകാരം വാങ്ങുന്ന ഉപകരണങ്ങളും കൂടി ഒറ്റരജിസ്റ്റർ പരിപാലിക്കുന്ന രീതി അവസാനിപ്പിക്കേണ്ടതും ഓരോന്നിനും പ്രത്യേകം പ്രത്യേക രജിസ്റ്റർ പരിപാലിക്കാനും നിർദ്ദേശിക്കുന്നു

**3.കണ്ടിജന്റ് രജിസ്റ്റർ:**

രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. മറ്റ് പരാമർശങ്ങൾ ഇല്ല.

**4. പേബിൽ രജിസറ്റർ:**

പരിശോധനാകാലയളവിൽ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. രജിസ്റ്ററിൽ പേജ്നമ്പർഇട്ട് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടുണ്ട്.ഓരോ സാമ്പത്തികവർഷവും ജീവനക്കാരുടെ പൂർണ്ണവിവരങ്ങൾ (PEN NO ഉൾപ്പെടെ) രേഖപ്പെടുത്തേണ്ടതും മാസന്തോറുമുള്ള ശമ്പള വിവരങ്ങൾ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

**5.ആസ്തി രജിസ്റ്റർ:**

ഇപ്രകാരമുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. വകുപ്പിന്റെ വിവിധ പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾക്ക് നൽകിയ സ്ഥലങ്ങളിൽ ചിലത് പലബ്ലോക്കുകളിലും ഉള്ളതായി അറിയുന്നു. കൂടാതെ നേഴ്സറി സ്കൂൾ, ഹോസ്റ്റലുകൾ, വകുപ്പിന്റെ ഫണ്ടുപയോഗിച്ചു നിർമ്മിച്ച കമ്മ്യൂണിറ്റി ഹാൾ, മറ്റ് നിർമ്മാണങ്ങൾ എന്നിവയും ഇവ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളും സ്ഥാപനങ്ങളും വകുപ്പിന്റെ ഉടമസ്ഥതയിൽ ഉണ്ട്. ഇവയുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് ആസ്തി രജിസ്റ്റർ പരിപാലിക്കേണ്ടതാണ് .

**6.ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ**

KFC Vol. I –ART-63 പ്രകാരമുള്ള ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിപാലിക്കാൻ നിർദ്ദേശമുണ്ട്. എന്നാൽ ഈ ഓഫീസിൽ ഇപ്രകാരമുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. ഓരോ കലണ്ടർ വർഷത്തിലും ലഭിക്കുന്ന ആഡിറ്റ് ഒബ്ജക്ഷൻ ഇപ്രകാരം ഒരു രജിസ്റ്റർ പരിപാലിച്ച് രേഖപ്പെടുത്തിസൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

**7.മൂവ്മെന്റ് രജിസ്റ്റർ:**

രജിസ്റ്റർ പരിപാലിച്ചിട്ടില്ല. രജിസ്റ്റർ പരിപാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

8. ഇങ്കുമ്പന്റ് രജിസ്റ്റർ:

രജിസ്റ്റർ പരിപാലിച്ച് ജീവനക്കാരുടെ വിവങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

9.SC പ്രമോട്ടേഴ്സിന്റെ വർക്ക്ഡയറി.

സ.ഉ(അച്ചടി) 86/2010 തീയതി.28/07/2010 പ്രകാരം SC പ്രമോട്ടേഴ് വർക്ക്ഡയറി നിശ്ചിത മാതൃകയിൽ എഴുതിസൂക്ഷിക്കാൻ നിർദ്ദേശമുണ്ടെങ്കിലും വർക്ക്ഡയറി വെള്ള പേപ്പറിൽ എഴുതിസൂക്ഷിക്കുന്ന രീതിയാണ് ഇവിടെ പിൻതുടരുന്നത്. 200 പേജ് ബുക്കിൽ ചുവടെ പറയുന്ന മാതൃകയിൽ വർക്ക്ഡയറി എഴുതി സൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

| തീയതി | സമയം.----മുതൽ---- വരെ | സന്ദർശിച്ച സ്ഥലം/സ്ഥലങ്ങൾ | ബന്ധപ്പെട്ട വ്യക്തികൾ/ ഓഫീസുകൾ | നിർവ്വഹിച്ച സേവനങ്ങൾ |
|---|---|---|---|---|
| | | | | |
| | | | | |

10. ഹാജർ പുസ്തകം.

എല്ലാ വിഭാഗം ജീവനക്കാരുടേയും (പ്രമോട്ടർമാർ ഉൾപ്പെടെ) അറ്റന്റൻസ് രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ട്.

11. TR.5 രസീത്/സ്റ്റോക്ക് രജിസ്റ്റർ.

01-07-2013 മുതൽ GO(p)77/2010/Fin dtd 18-02-2010 പ്രകാരം നടപ്പിലാക്കിയിട്ടുള്ള Centralised Numbering System ഉള്ള TR.5 രശീതി [ GO(p)213/2013/Fin dtd 09-05-2013]

ഈ ഓഫീസിൽ ഉപയോഗത്തിലുണ്ട്. ബുക്ക്.നം.630 രസീത് നം.062901 മുതൽ 063000 വരെയുള്ള രസീത് ബുക്കിൽ 062901 മുതൽ 062903 വരെയുള്ളത് ഉപയോഗിച്ചിട്ടുണ്ട്.

സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. മറ്റ് പരാമർശങ്ങൾ ഇല്ല.

12. STSB അക്കൗണ്ട്.

പരിശോധനാകാലയളവിൽ 2 STSB അക്കൗണ്ടുകൾ പരിപാലിച്ചിട്ടുള്ളതായി കാണുന്നു.

(1)7200414000000035,(2) 720041400000114.

ചികിൽസാധനസഹായംനൽകുന്നതിനായി അനുവദിക്കുന്ന ഫണ്ടുകൾ മാറി നിക്ഷേപിക്കുന്നതിനായി ആരംഭിച്ച 7200414000000035 അക്കൗണ്ട് നിലവിൽ നിർജ്ജീവമാണ്. 23-02-2016 ന് ബാലൻസ് ഉണ്ടായിരുന്ന 20,000/- രൂപയിൽ ചെക്ക് നം.0402954 പ്രകാരം 10,000/- രൂപ ചികിൽസാ ധനസഹായത്തിന്റെ ഗുണഭോക്താവായ ശ്രീമതി.കല്ല്യാണി w/o കുമാരൻ എന്ന യാൾക്ക് നൽകിയിട്ടുണ്ട്.ശേഷിച്ചിരുന്ന 10,000/- രൂപ ചെക്ക് നം.0402956 പ്രകാരം പിൻവചിച്ച് ചെലാൻ നം.KL009266276201819m പ്രകാരം 12-12-2018 ന് ട്രഷറിയിൽ ഒടുക്കിയിട്ടുണ്ട്.

720041400000114.അക്കൗണ്ട് നിലവിൽ ഹോസ്റ്റൽ ആവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്നു.31-03-2018 ൽ 34,500/- രൂപ ബാലൻസുണ്ടായിരുന്നു.ഇതുസംബന്ധിച്ച നിലവിലെ സ്ഥിതി ബാങ്ക് സ്റ്റേറ്റ്മെന്റ് സഹിതം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

13.ജീവനക്കാരുടെ സേവന പുസ്തകങ്ങൾ.

ജീവനക്കാരുടെ സേവനപുസ്തകങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ വസ്തുതകൾ ചുവടെ പറയുന്നു.

എ.ശ്രീ.ശിവപ്രസാദ്,ബങ്കളം പ്രീ മെട്രിക് ഹോസ്റ്റൽ(ആൺകുട്ടികൾ)-GPF.A/C No.SLI A/C No,Group Insurance A/C Noഎന്നിവ SB യിൽ രേഖപ്പെടുത്തുകയോ,Nomination form SB യിൽ പതിച്ച് സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.മാത്രമല്ല ടിയാൾ 31-07-2012 FNന് Service Regularise ചെയ്യുകയും(എസ്റ്റാ.ബി.1.11614/13(1)തീയതി 31-03-2016)19-08-2014 ൽ Probation പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്(എസ്റ്റാ.ബി.1.16400/16തീയതി 03-10-2016).എന്നാൽ ടി വിവരങ്ങൾ SB page no.13 ൽHistory&Verification of service ൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.

ബി.ശ്രീ.പ്രസാദ്.സി,ഓഫീസ് അറ്റന്റഡ്- Service Regularise, Probation ,Grade promotion തുടങ്ങിയ വിവരങ്ങൾ SB page no.13 ൽHistory&Verification of service ൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.

സി.ശ്രീമതി.രൂഷ്മ,കുക്ക്, പ്രീ മെട്രിക് ഹോസ്റ്റൽ(പെൺകുട്ടികൾ)ചെമ്മട്ടംവയൽ കസറഗോഡ് ജില്ലാപട്ടികജാതി വികസന ഓഫീസറുടെ 25-06-2015 ലെ എസ്.12358/15(2) ഉത്തരവ് പ്രകാരം ഫീമെയിൽ കുക്കായി താൽക്കാതിക നിയമനം നൽകുകയും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 08-06-2018 ലെ അഡ്വൈസ്(Advice No.KG/Div(3)/3030/10 )ന്റെ അടിസ്ഥാനത്തിൽ 16-06-2018 ന് സ്ഥിരനിയമനം ആകുകയും ചെയ്തിട്ടുണ്ട്. എന്നാൽ AdviceLetter ന്റെ പകർപ്പ്,സ്ഥിരനിയമനം നൽകിക്കൊണ്ട് കസറഗോഡ് ജില്ലാ പട്ടികജാത വികസന ഓഫീസർ 14-06-2018 ൽ പുറപ്പെടുവിച്ച എസ്.2415/16 ഉത്തരവ് എന്നിവ SB ൽപതിച്ച് സൂക്ഷിക്കുകയോ ചെയ്തതായി കാണുന്നില്ല, മാത്രമല്ല ടിയാളുടെ GPF.A/C No.SLI A/C No,Group Insurance A/C Noഎന്നിവ SB യിൽ രേഖപ്പെടുത്തുകയോ, Nomination form SB യിൽ പതിച്ച് സൂക്ഷിക്കുകയും ചെയ്തതായി കാണുന്നില്ല.

ഡി.ശ്രീമതി.സൗദാമിനി,PTS,ബങ്കളം പ്രീ മെട്രിക് ഹോസ്റ്റൽ(ആൺകുട്ടികൾ)ടിയാൾക്ക് Kerala part time Contigent Provident Fund(CNT) ൽ അംഗത്വം ഉണ്ടെങ്കിലും ടി വിവരം Nomination form സഹിതം SB page no.8 ൽ രേഖപ്പെടുത്തിയിട്ടില്ല.

ഇ.ശ്രീമതി.ലത.കെ.വി, കുക്ക്, പ്രീ മെട്രിക് ഹോസ്റ്റൽ(പെൺകുട്ടികൾ)ചെമ്മട്ടംവയൽ-GPF.A/C No.SLI A/C No,Group Insurance A/C Noഎന്നിവ SB യിൽ രേഖപ്പെടുത്തുകയോ,Nomination form SB യിൽ പതിച്ച് സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

എഫ്.ശ്രീ.കെ.രവീന്ദ്രൻ, കുക്ക്, ബങ്കള പ്രീ മെട്രിക് ഹോസ്റ്റൽ(ആൺകുട്ടികൾ)-Full time cook ആയി Promote ചെയ്ത വിവരം SB page no.13 ൽHistory&Verification of service ൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. GPF.A/C No.SLI A/C No,Group Insurance A/C Noഎന്നിവ SB യിൽ രേഖപ്പെടുത്തുകയോ,Nomination form SB യിൽ പതിച്ച് സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

ന്യൂനതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.സേവനപുസ്തക രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്.മറ്റ് പരാമർശങ്ങൾ ഇല്ല.

<u>പൊതു അഭിപ്രായം</u>

ഓഫീസ് അന്തരീക്ഷം പൊതുവെ സമാധാനപരമായിതോന്നുന്നു. ബ്ലോക്ക് പഞ്ചായത്ത്, ജനപ്രതിനിധികൾ, ഗുണഭോക്താക്കൾ എന്നിവരുമായി നല്ലബന്ധം പുലർത്തുന്നതായി കാണുന്നു. ഓഫീസിന്റെ പ്രവർത്തനത്തിൽ തൃപ്തി രേഖപ്പെടുത്തുന്നു. ഓഫീസ് രേഖകൾ സൂക്ഷിക്കുന്നതിനും രജിസ്റ്ററുകളും അകിറ്റൻസുകളും പരിപാലിക്കുന്നതിലും കറേക്കൂടി ശ്രദ്ധ കാണിക്കേണ്ടതാണ്.

പരിശോധനാകുറിപ്പ് അംഗീകാരത്തിന് സമർപ്പിക്കുന്നു.

കെ.കെ.പ്രസാദ്,സീനിയർ സൂപ്രണ്ട്,ഫിൻ.ഇ

M. MUHAMMED HARIS
Joint Secretary to Govt.
Finance Department
O/D. Senior [illegible]
[illegible] Caste Development
Thiruvananthapuram